REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റ് സമ്മേളനത്തിന്റെ ആദ്യ ദിവസം തന്നെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 വരെ നിർത്തി വെച്ചു.**
- **പാർലമെന്റ് ശീതകാല സമ്മേളനം ക്രിയാത്മകവും സൃഷ്ടിപരവുമായ സംവാദത്തിനും ചർച്ചയ്ക്കും വേദിയാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ആഗോള സഹകരണ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **രാജ്യത്തെ സഹകരണ മേഖലയ്ക്ക് അനുകരണീയ മാതൃകയാണ് കേരള ബാങ്ക് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ പൊരുതുന്നു.**

## വാർത്തകൾ വിശദമായി

പാർലമെന്റ് സമ്മേളത്തിന്റെ ആദ്യ ദിവസം തന്നെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 വരെ നിർത്തി വെച്ചു. വിദേശത്ത് അദാനിക്കെതിരെയുണ്ടായ കോഴ ആരോപണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് അംഗങ്ങളും പ്രതിപക്ഷവും പ്രതിഷേധമുയർത്തിയതോടെയാണ് സ്പീക്കർ ഓം ബിർള സഭ നിർത്തിവെച്ചത്.

✪✪✪

പാർലമെന്റിൽ കോൺഗ്രസ് രണ്ട് അടിയന്തരപ്രമേയങ്ങൾക്ക് നോട്ടീസ് നൽകി. മണിപ്പൂർ വിഷയം ഉന്നയിച്ച് ഡീൻ കുര്യാക്കോസാണ് ലോക് സഭയിൽ നോട്ടീസ് നൽകിയത്. UP സംഭൽ വെടിവെപ്പ് വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് രാജ്യസഭയിൽ ഹാരിസ് ബീരാനും നോട്ടീസ് നൽകി.

✪✪✪

പാർലമെന്റ് ശീതകാല സമ്മേളനം ക്രിയാത്മകവും സൃഷ്ടിപരവുമായ സംവാദത്തിനും ചർച്ചയ്ക്കും വേദിയാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെട്ടു. ഭരണഘടന നിലവിൽ വന്നതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഈ സമ്മേളനം പ്രധാന്യമേറിയതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജനാധിപത്യത്തിന്റെ നിർണായക നാഴികക്കല്ലാണ് ഭരണഘടന സ്വീകരിച്ച ദിവസമെന്ന് അദ്ദേഹം വിലയിരുത്തി.

പാർലമെന്റ് അലങ്കോലപ്പെടുത്തി നിയന്ത്രണം പിടിച്ചെടുക്കാൻ ശ്രമിച്ച ചില കക്ഷികളെ തെരഞ്ഞെടുപ്പിൽ ജനം കൈവിട്ടതായി അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ആഗോള ബഹുമാന്യത മെച്ചപ്പെടുത്താനും അഭിമാനം സംരക്ഷിക്കാനും പാർലമെന്റിലെ സമയം എല്ലാവരും ചെലവഴിക്കണമെന്ന് പ്രധാനമന്ത്രി പാർലമെന്റ് സമ്മേളത്തിന് മുന്നോടിയായി പറഞ്ഞു. ഭരണഘടനാപരമായ മര്യാദകൾ പ്രതിപക്ഷം പാലിക്കണമെന്നും നരേന്ദ്രമോദി നിർദേശിച്ചു.

✪✪✪

നാളെ ഭരണഘടനാ ദിനം. 1949 നവംബർ 26 -ന്, ഇന്ത്യൻ ഭരണഘടനാ അസംബ്ലി, ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണ പുതുക്കാനാണ് ഈ ദിനം ആചരിക്കുന്നത്. 1950 ജനുവരി 26-ന് ഭരണഘടന പ്രാബല്യത്തിൽ വന്നു. ദേശീയ നിയമ ദിനമായും ഈ ദിവസം അറിയപ്പെടുന്നു.

✪✪✪

ആഗോള സഹകരണ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. രാജ്യാന്തര സഹകരണ സഖ്യത്തിന്റെയും ആഗോള സഹകരണ കോൺഫറൻസിന്റെയും ജനറൽ അസംബ്ലിയുടെയും നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. 130 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ആഗോള സഹകരണ സമ്മേളനം ഇന്ത്യയിൽ ചേരുന്നത്. അന്താരാഷ്ട്ര സഹകരണ വർഷമായ 2025-ന്റെ സ്മരണിക സ്റ്റാമ്പും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്യും.

ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡും, സഹകരണ സ്ഥാപനങ്ങളായ അമൂലും, ക്രിബ്കോയും ചേർന്നാണ് സമ്മേളനം ഒരുക്കുന്നത്. ആറു ദിവസത്തെ സമ്മേളനത്തിൽ 3,000 ത്തോളം വിദേശ പ്രതിനിധികളും, ഇന്ത്യൻ പ്രതിനിധികളും പങ്കെടുക്കും.

✪✪✪

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്ന അന്താരാഷ്ട്ര ദിനം ഇന്ന് ആചരിക്കുന്നു. ലോകത്തിന്റെ നാനാകോണുകളിലും സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ ചെറുക്കാനും, അതിനെതിരെ ലോക മനസ്സാക്ഷിയെ ബോധവൽക്കരിക്കാനുമായാണ് ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ ദിനാചരണം സംഘടിപ്പിക്കുന്നത്.

ലിംഗവിവേചനം ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയതല 'അബ് കോയീ ബഹാനാ നഹി' കാമ്പയിനിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കമാകും. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്ന ഇന്നത്തെ അന്താരാഷ്ട്ര ദിനാചരണത്തോടനുബന്ധിച്ചാണ് കാമ്പയിൻ സംഘടിപ്പിക്കുന്നത്.

സ്ത്രീകൾക്കെതിരായ വിവേചനങ്ങളും, അതിക്രമങ്ങളും അവസാനിപ്പിക്കാൻ വനിതാ ശിശുക്ഷേമ മന്ത്രാലയവും, ഗ്രാമവികസന മന്ത്രാലയവും, ഐക്യരാഷ്ട്ര വനിതാ പ്രസ്ഥാനത്തിന്റെ പിന്തുണയോടെയാണ് കാമ്പയിൻ നയിക്കുന്നത്.

✪✪✪

കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ 'ഹമാരാ സംവിധാൻ - ഹമാരാ സ്വാഭിമാൻ' പദയാത്രയിൽ പങ്കെടുത്തു. നാളത്തെ ഭരണഘടനാദിനത്തിന് മുന്നോടിയായാണ് പദയാത്ര സംഘടിപ്പിച്ചത്. ജനാധിപത്യയാത്രയിലേക്ക് രാജ്യത്തെ നയിച്ച ഭരണഘടനാശില്പികളുടെ സംഭാവനകൾ അനുസ്മരിക്കാനാണ് പരിപാടി സംഘടിപ്പിച്ചത്. കേന്ദ്രമന്ത്രിമാരായ പീയുഷ് ഗോയൽ, അർജുൻ റാം മെഖ് വാൾ, കിരൺ റിജിജു, ഗജേന്ദ്രസിംഗ് ഷെഖാവത്ത്, രക്ഷാഖഡ്സെ തുടങ്ങിയവരും MY ഭാരത് NYK വളണ്ടിയർമാർ തുടങ്ങിയവരും പദയാത്രയിൽ സംബന്ധിച്ചു.

✪✪✪

നിർദിഷ്ട ഇന്ത്യ - മിഡിൽഈസ്റ്റ് - യൂറോപ്പ് സാമ്പത്തിക ഇടനാഴി യൂറോപ്പിനും ഏഷ്യയ്ക്കും ഗുണകരമാവുമെന്ന് വിദേശകാര്യ മന്ത്രി ഡോ. S.ജയശങ്കർ പ്രത്യാശ പ്രകടിപ്പിച്ചു. ഇന്ത്യൻ എംബസിയുടെ റോമിലെ പുതിയ നയതന്ത്ര കാര്യാലയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഗോവയിൽ 55-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ അഞ്ചാം ദിവസമായ ഇന്ന് 75-ലധികം സിനിമകൾ പ്രദർശിപ്പിക്കും.

മേളയിൽ ലെഫ്റ്റ് അൺസെഡ്, മഞ്ഞുമ്മൽ ബോയ്സ് എന്നീ ചിത്രങ്ങൾ പ്രദർശിപ്പിക്കും. മാസ്റ്റർ ക്ലാസുകളിലും, ചർച്ചകളിലും ആനന്ദ് ഗാന്ധി, കൃതി സനോൻ, ഫിലിപ്പ് നോയ്സ് എന്നിവർ പങ്കെടുക്കും.

✪✪✪

രാജ്യത്തെ സഹകരണ മേഖലയ്ക്ക് അനുകരണീയ മാതൃകയാണ് കേരള ബാങ്ക് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അഞ്ച് വർഷം കൊണ്ട് കേരളത്തിലെ രണ്ടാമത്തെ ഷെഡ്യൂൾഡ് ബാങ്കായി കേരള ബാങ്കിന് മാറാനായി. കണ്ണൂരിൽ കേരള ബാങ്ക് വാർഷിക കർമ്മപദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഓരോ പ്രദേശത്തെയും സഹകരണ ബാങ്കുകൾ ആ പ്രദേശത്തെ കാർഷിക അഭിവൃദ്ധിക്ക് വേണ്ടി ഇടപെടൽ നടത്തണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ചട്ടപടി സേവനങ്ങളിൽ നിന്ന് സഹകരണ ബാങ്കുകൾ മാറണമെന്നും പിണറായി നിർദേശിച്ചു.

സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ഗ്യാരണ്ടിയോടെയാണ്. നിക്ഷേപകർക്ക് ആർക്കും ഒരു ആശങ്കയും വേണ്ടന്ന് മുഖ്യമന്ത്രി പറഞ്ഞു.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ വടകര ഏറാമല സർവ്വീസ് സഹകരണ ബാങ്കിനും കണ്ണൂർ കതിരൂർ സർവീസ് സഹകരണ ബാങ്കിനും, തൃശൂർ പരിയാരം സർവീസ് സഹകരണ ബാങ്കിനും മന്ത്രി VN വാസവൻ സമ്മാനിച്ചു.

✪✪✪

സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ നാട്ടകം ഇന്ത്യാപ്രസ്സ് പുരയിടത്തിൽ സഹകരണവകുപ്പ് നിർമ്മിച്ച അക്ഷരം മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ലെറ്റർ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രഖ്യാപനവും ചടങ്ങിൽ നടത്തും. സഹകരണവകുപ്പും സാഹിത്യപ്രവർത്തക സഹകരണസംഘവും സംയുക്തമായി ഏർപ്പെടുത്തിയ അഞ്ചാമത് അക്ഷരപുരസ്കാരം M. മുകുന്ദന് മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പിക്കും.

✪✪✪

കോഴിക്കോട് സിറ്റി പൊലീസിന്റെ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി 'നോ നെവർ', വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും. മയക്കുമരുന്നു കച്ചവടക്കാർക്കെതിരെയും ലോബികൾക്കെതിരെയും സ്വീകരിക്കുന്ന നിയമനടപടികൾക്കു പുറമെയാണ് ബോധവത്ക്കരണ പരിപാടിയ്ക്ക് തുടക്കമിടുന്നത്.

✪✪✪

ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റിൽ  ഓസ്ട്രേലിയ പൊരുതുന്നു. ഒന്നാം ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ അവർ എട്ട് വിക്കറ്റ് നഷ്ടത്തിൽ 227 റൺസ് എടുത്തിട്ടുണ്ട്. അവരുടെ ഒന്നാം ഇന്നിംഗ്സിൽ 104 റൺസിന് എല്ലാവരും പുറത്തായിരുന്നു. ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 150 റൺസെടുത്തു. രണ്ടാം ഇന്നിംഗ്സിൽ 487 റൺസിന്  ഇന്ത്യ ഡിക്ലെയർ ചെയ്യുകയായിരുന്നു.

✪✪✪

കേരളം സന്തോഷ്ട്രോഫി ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടി. ഇന്നലെ കോഴിക്കോട്ടെ മത്സരത്തിൽ പുതുച്ചേരിയെ മറുപടിയില്ലാത്ത ഏഴ് ഗോളിന് തകർത്താണ്  കേരളം ഫൈനൽ റൗണ്ട് യോഗ്യത ഉറപ്പാക്കിയത്.  അടുത്ത മാസം ഹൈദരബാദിലാണ് ഫൈനൽ റൗണ്ട് മത്സരങ്ങൾ.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC, ഒഡീഷ FC യെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് 7.30നാണ് മത്സരം.

കൊച്ചിയിൽ ഇന്നലെ കേരള ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ FCയെ മറുപടിയില്ലാത്ത മൂന്ന് ഗോളിന്  പരാജയപ്പെടുത്തിയിരുന്നു.

✪✪✪

ഫിബ ഏഷ്യാകപ്പ് ബാസ്കറ്റ് ബോൾ ടൂർണമെന്റ് യോഗ്യതാ റൗണ്ടിൽ, ഇന്ത്യ വൈകിട്ട് ഖസാക്കിസ്ഥാനെ നേരിടും. ചെന്നൈ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് ആറിനാണ് മത്സരം. മൂന്ന് മാച്ചുകൾ തോറ്റ ഇന്ത്യ, ഗ്രൂപ്പിൽ ഏറ്റവും പിന്നിലാണ്.

✪✪✪

ലോകചെസ്സ് ചാമ്പ്യൻഷിപ്പ് സിംഗപ്പൂരിലെ  സെന്റോസയിൽ ഇന്ന്  ആരംഭിക്കും. ആദ്യ മത്സരത്തിൽ ഇന്ത്യയുടെ D . ഗുകേഷ്,  ചൈനയുടെ ഡിങ് ലിറനെ നേരിടും.  ഉച്ചയ്ക്ക് 2.30 നാണ്  മത്സരം.

✪✪✪

തീവ്രവാദസംഘടനകളുമായി UDF നും LDFനും ബന്ധമുണ്ടെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ആരോപിച്ചു. കേരളത്തിൽ മത ഭീകരത വളരുന്നതായും അദ്ദേഹം കോഴിക്കോട് വാർത്താസമ്മേളത്തിൽ പറഞ്ഞു. കേരളത്തിലെ തെരഞ്ഞെടുപ്പ് നിയന്ത്രിക്കുന്നത് SDPI ആണെന്ന് സുരേന്ദ്രൻ പറഞ്ഞു. പാലക്കാട് അടിസ്ഥാന വോട്ടുകൾ കുറഞ്ഞതടക്കം പരിശോധിക്കുമെന്നും സുരേന്ദ്രൻ അറിയിച്ചു.

✪✪✪

പാലക്കാട് BJP യ്ക്ക് നേരിട്ട പരാജയത്തിൽ ഉത്തരവാദിത്വം ഏറ്റെടുത്ത് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ, രാജി സന്നദ്ധത അറിയിക്കുകയല്ല, രാജിവയ്ക്കുകയാണ് വേണ്ടതെന്ന് കോൺഗ്രസ് നേതാവ് സന്ദീപ് വാരിയർ പറഞ്ഞു. പ്രസിഡന്റ് സ്ഥാനം ആഗ്രഹിക്കുന്നവരാണ് ഇപ്പോൾ രാജിക്ക് വേണ്ടി മുറവിളി കൂട്ടുന്നതെന്നും സന്ദീപ് വാരിയർ പറഞ്ഞു.

✪✪✪

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സൗജന്യ ലാപ്ടോപ്പ് വിതരണം ഇന്ന് നടത്തും. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി V.ശിവൻകുട്ടി വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവ്വഹിക്കും.

✪✪✪

റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഡിസംബർ 10 വരെയാണ് അപേക്ഷിക്കാൻ സമയം നൽകിയിരിക്കുന്നത്.

✪✪✪

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി അടുത്തമാസം 13 മുതൽ 20 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 29ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു. പൊതുവിഭാഗത്തിന് 1180 രൂപയും വിദ്യാർത്ഥികൾക്ക് 590 രൂപയുമാണ് ജി.എസ്.ടി ഉൾപ്പെടെ ഡെലിഗേറ്റ് ഫീസ്.

✪✪✪

കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിൽ ദേശീയ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി രണ്ടു ദിവസത്തെ ആയുർവേദ പ്രദർശനത്തിന്

നാളെ തുടക്കമാകും. ആയുർവേദ ചികിത്സയെ കുറിച്ചും, ഔഷധസസ്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കാനാണ് പ്രദർശനം ഒരുക്കുന്നത്.

✪✪✪

കണ്ണൂർ വളപട്ടണം മന്ന KSEB ഓഫീസിന് സമീപം വീടിന്റെ ജനൽ തകർത്ത് മോഷണസംഘം വൻ കവർച്ച നടത്തി. ഒരുകോടി രൂപയും 300 പവൻ സ്വർണാഭരണവും നഷ്ടപ്പെട്ടതായി വീട്ടുകാർ വളപട്ടണം പൊലീസിൽ പരാതി നൽകി. സി സി ടി വി ദൃശ്യങ്ങളിൽ മൂന്നംഗ സംഘമാണ് കവർച്ച നടത്തിയതെന്ന് വിവരം ലഭിച്ചതായി സൂചനയുണ്ട്.

അരി മൊത്തവ്യാപാരി അഷ്റഫ് ട്രേഡേഴ്സ് ഉടമ KP അഷ്റഫിന്റെ വീട്ടിലാണ് കവർച്ച നടന്നത്. ഈ മാസം 19ന് വീടുപൂട്ടി മധുരയിൽ കല്യാണത്തിനു പോയ അഷറഫും കുടുംബവും ഇന്നലെ രാത്രി വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് കവർച്ച നടന്നതായി അറിഞ്ഞത്.

✪✪✪

ആൻഡമാനിൽ കോസ്റ്റ് ഗാർഡിന്റെ വൻ ലഹരിവേട്ട. 5 ടൺ ലഹരി വസ്തുക്കൾ മീൻപിടുത്ത ബോട്ടിൽ നിന്ന് പിടികൂടി. കോസ്റ്റ് ഗാർഡ് ഇതുവരെ നടത്തിയ ഏറ്റവും വലിയ മയക്കുമരുന്ന് വേട്ടയാണിതെന്ന് രാജ്യരക്ഷാ കേന്ദ്രങ്ങൾ അറിയിച്ചു. അഞ്ചു പേരെ കോസ്റ്റ് ഗാർഡ് പിടികൂടിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്

✪✪✪

കഥകളി ഗ്രാമമായ അയിരൂരിൽ നിന്ന് കഥകളിക്കോപ്പുകളും കഥകളി ശിൽപ്പങ്ങളും ലോക വിപണി ലക്ഷ്യമിട്ട് ഒരുങ്ങുന്നു. സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ ഗ്രാമീണ കലാകേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച കഥകളിക്കോപ്പ് നിർമ്മാണ പരിശീലനകേന്ദ്രം ഏറെ പ്രതീക്ഷകളാണ് കഥകളിയുടെ പേരിൽ അറിയപ്പെടുന്ന ഈ ഗ്രാമത്തിന് നൽകുന്നത്.

✪✪✪